## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 154** **17/12/2012 -ൽ മറുപടിയ്ക്ക്**

### വനം കയ്യേറ്റങ്ങൾ സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കണ്ടെത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി. എ. റഹിം<br>,, കെ. കെ. ജയചന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ.വി. വിജയദാസ് | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൻതോതിൽ വനം കയ്യേറ്റങ്ങൾ നടക്കുന്നതായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) കയ്യേറ്റങ്ങൾ എത്രയും പെട്ടെന്ന് ഒഴിപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും വയനാട്ടിൽ അടുത്തിടെയുണ്ടായിട്ടുള്ള ആദിവാസി കയ്യേറ്റ ശ്രമങ്ങളൊഴികെ സംസ്ഥാനത്ത് വൻതോതിൽ വനം കയ്യേറ്റങ്ങൾ നടക്കുന്നില്ല. വ്യാപകമായി വനം കയ്യേറ്റം നടക്കുന്നതായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയെന്ന പത്ര റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും അടുത്തിടയൊന്നും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായുള്ള ഒരു പ്രത്യേക നിർദ്ദേശവും ലഭിച്ചിട്ടില്ല. |
| (സി) വനഭൂമി കയ്യേറിയവരിൽ നിന്നും അവ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചു വരുന്നു. കൂടാതെ റവന്യൂ പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തല കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ അദ്ധ്യക്ഷതയിൽ സർക്കിൾ തല കമ്മിറ്റികളും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിലെ പുരോഗതി അവലോകനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ